LIBRARY ARCHIVES Kerala Legislative Assembly

എസ്. എസ്. എൽ. സി. 'സേ' പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കുന്നതിനുള്ള തീയതി

*19 [123] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. 'സേ' പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കുന്നതിനുള്ള തീയതി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ അത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) ഹയർ സെക്കന്ററി പ്രവേശനത്തിന് അപേക്ഷ നൽകുന്നതിനുള്ള അവസാന തീയതി എന്നാണെന്ന് വ്യക്തമാക്കുമോ;

(സി) എസ്. എസ്. എൽ. സി. 'സേ' പരീക്ഷാഫലം വൈകുന്നതു കാരണം അതിൽ വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് ഹയർ സെക്കന്ററിക്ക് പ്രവേശനം കിട്ടാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 'സേ' പരീക്ഷ വിജയിക്കുന്ന വിദ്യാർത്ഥികൾക്കുംകൂടി ഹയർ സെക്കന്ററിക്ക് പ്രവേശനം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):*

(എ) ഉണ്ട്. എസ്. എസ്. എൽ. സി. 'സേ' പരീക്ഷയുടെ ഫലം ജൂലൈ 12-ന് പ്രഖ്യാപിക്കുന്നതാണ്.

(ബി) ഹയർ സെക്കന്ററി പ്രവേശനത്തിന് അപേക്ഷ നൽകുന്നതിനുള്ള അവസാന തീയതി 24-6-2005 ആയിരുന്നു.

(സി) & (ഡി) എസ്. എസ്. എൽ. സി. മാർച്ചിൽ വിജയിച്ചവർക്കുള്ള പ്രവേശനത്തിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിക്കഴിഞ്ഞ് മിച്ചം വരുന്ന സീറ്റുകളിൽ മുൻവർഷങ്ങളിലെപ്പോലെ 'സേ' പരീക്ഷ ജയിച്ചവർക്ക് അഡ്മിഷൻ നൽകുന്നതാണ്.

ശബരിമലയിലേക്കുള്ള റോഡുകളുടെ വികസനം

*20 [124] *ശ്രീ. തോമസ് ചാഴികാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലേക്കുള്ള ഗതാഗതസൗകര്യം അപര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) എങ്കിൽ ശബരിമലയിലേക്കുള്ള റോഡുകളുടെ വികസനത്തിന് സർക്കാർ പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഏതൊക്ക റോഡുകളാണ് ആദ്യഘട്ടത്തിൽ വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) എത്ര കോടി രൂപയാണ് ഇതിലേക്ക് നീക്കിവച്ചിട്ടുള്ളത് എന്നറിയിക്കാമോ?

മരാമത്ത് വകുപ്പുമന്ത്രി *(ഡോ. എം. കെ. മുനീർ)*:

(എ) ഉണ്ട്.

(ബി) ഉണ്ട്. ശബരിമലയിലേക്കുള്ള എല്ലാ റോഡുകളുടെയും അറ്റകുറ്റപ്പണികൾ ശബരിമല സീസൺ തുടങ്ങുന്നതിനുമുമ്പുതന്നെ ചെയ്തുതീർക്കാറുണ്ട്. കൂടാതെ, മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ശബരിമല അവലോകനയോഗത്തിൽവച്ച് എരുമേലി റിംഗ് റോഡ് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള തീരുമാനം എടുക്കുകയും അതനുസരിച്ച് 353 ലക്ഷം രൂപ വരുന്ന അഞ്ച് റോഡുകളുടെ പണികൾ പുരോഗമിച്ചുവരികയാണ്.

കൂടാതെ, റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, മണ്ണാറക്കുളഞ്ഞി മുതൽ പമ്പ വരെയും എരുമേലി മുതൽ എലവുങ്കൽ വരെയുമുള്ള റോഡുകളുടെ വികസനത്തിന് ലീ അസോസിയേറ്റ്സ് സൗത്ത് ഏഷ്യ പ്രൈവറ്റ് ലിമിറ്റഡിന്റെ സഹായത്തോടെ വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. ശബരിമല റോഡുകളുടെ വികസനത്തിന് റോഡു ഫണ്ടിൽ നിന്നും 176.88 കോടി രൂപ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ മലേഷ്യൻ സർക്കാരിന്റെ ധനസഹായത്തോടെയുള്ള വികസനപദ്ധതി സംബന്ധിച്ച മുൻമന്ത്രിസഭാ തീരുമാനംകൂടി പരിശോധിച്ച് പുതിയ നിർദ്ദേശം നൽകുന്ന കാര്യം പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

(സി)

1. കൊരട്ടി കണിമല റോഡ് കി. മീ. 0 മുതൽ 0/620 വരെ
2. പെരുംതോട് ഇമരൻപാറ റോഡ് കി. മീ. 0/0 മുതൽ 4/685 വരെ
3. ടി. ബി. റോഡ് കി. മീ. 0/000 മുതൽ 0/600 വരെ (എരുമേലി മുക്കട റോഡിലേക്കുള്ള ലിങ്ക് റോഡ് പാർക്കിംഗ് ഗ്രൗണ്ടുവഴി)
4. കാഞ്ഞിരപ്പള്ളി എരുമേലി റോഡിന് സമാന്തര റോഡ് (കി. മീ. 10/600 ടി. ബി. റോഡ് പാലവും ഓവർബ്രിഡ്ജും ഉൾപ്പെടെ)
5. കൊരട്ടി ഔറങ്കൽ കറുപ്പിയതോട് കി. മീ. 0/00 മുതൽ 6/600 വരെ.

(ഡി) 353 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly